**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2704** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ചതെന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (എ) | **പട്ടികജാതി വികസന വകുപ്പിൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടില്ല. GO(P) No. 34/97/Vig Dated 11/06/1997, GO(P) No.04/2023/Vig Dated 02/05/2023 എന്നിവ പ്രകാരം എല്ലാ വകുപ്പുകളും ആഭ്യന്തര വിജിലൻസ് സെല്ലുകൾ രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം പട്ടികജാതി വികസന വകുപ്പിൽ ആഭ്യന്തര വിജിലൻസ് വിഭാഗം രൂപീകരിക്കുന്നതിന് തത്വത്തിൽ തീരുമാനം എടുക്കുകയും ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.**<br><br>**പട്ടികവർഗ വികസന വകുപ്പിൽ സ.ഉ. (സാധാ) നം. 318/2019/പജപവവിവ തീയതി 20.04.2019 (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം വിജിലൻസ് സെൽ രൂപീകരിച്ച് ഉത്തരവായിരുന്നു. വിജിലൻസ് ഓഫീസർ സർവീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ പുതിയ വിജിലൻസ് കമ്മിറ്റി രൂപീകരിക്കാൻ പ്രൊപ്പോസലുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (സാധാ) നം. 862/2025/SCSTD തീയതി 01.11.2025 (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ഉത്തരവ് പ്രകാരം 2025-ൽ പുതിയ ആഭ്യന്തര വിജിലൻസ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ അന്വേഷണങ്ങളെക്കുറിച്ച് നൽകിയ റിപ്പോർട്ടുകളുടെ എണ്ണവും വിവരവും ശേഖരിച്ച് സമർപ്പിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ബി) | **പട്ടികജാതി വികസന വകുപ്പിൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടില്ല. GO(P) No. 34/97/Vig Dated 11/06/1997, GO(P) No.04/2023/Vig Dated 02/05/2023 എന്നിവ പ്രകാരം എല്ലാ വകുപ്പുകളും ആഭ്യന്തര വിജിലൻസ് സെല്ലുകൾ രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ** |

| | | | |
|---|---|---|---|
| | | | ഉത്തരവുകൾ പ്രകാരം പട്ടികജാതി വികസന വകുപ്പിൽ ആഭ്യന്തര വിജിലൻസ് വിഭാഗം രൂപീകരിക്കുന്നതിന് തത്വത്തിൽ തീരുമാനം എടുക്കുകയും ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>പട്ടികവർഗ വികസന വകുപ്പിൽ സ.ഉ. (സാധാ) നം. 318/2019/പജപവവിവ തീയതി 20.04.2019 (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം വിജിലൻസ് സെൽ രൂപീകരിച്ച് ഉത്തരവായിരുന്നു. വിജിലൻസ് ഓഫീസർ സർവീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ പുതിയ വിജിലൻസ് കമ്മിറ്റി രൂപീകരിക്കാൻ പ്രൊപ്പോസലുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (സാധാ) നം. 862/2025/SCSTD തീയതി 01.11.2025 (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ഉത്തരവ് പ്രകാരം 2025-ൽ പുതിയ ആഭ്യന്തര വിജിലൻസ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ അന്വേഷണങ്ങളെക്കുറിച്ച് നൽകിയ റിപ്പോർട്ടുകളുടെ എണ്ണവും വിവരവും ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

D3/91/2018-SCSTDD

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - ഇന്റേണൽ വിജിലൻസ് സെൽ - രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.318/2019/പജപവവിവ.** **തീയതി, തിരുവനന്തപുരം, 20.04.2019.**

പരാമർശം: 1) 11.06.1997-ലെ സർക്കാർ ഉത്തരവ് (പി) നം. 34/1997/വിജി.

2) 06.12.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം.210/2018/വിജി.

3) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 13.03.2019 തീയതിയിലെ ഇ 1. 17189/17 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഒരു ഇന്റേണൽ വിജിലൻസ് സംവിധാനം രൂപീകരിക്കുവാൻ പരാമർശം (1)ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം പട്ടിക വർഗ വികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീ. ആർ. പ്രസന്നനെ പ്രസ്തുത വകുപ്പിലെ വിജിലൻസ് ഓഫീസറായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (3)-ലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, പട്ടികവർഗ്ഗ വികസന വകുപ്പിലെ ശ്രീ. ആർ. പ്രസന്നൻ, ജോയിന്റ് ഡയറക്ടർ & വിജിലൻസ് ഓഫീസർ, ശ്രീ. ജി. അനിൽകുമാർ, സീനിയർ സൂപ്രണ്ട്, ശ്രീ. റ്റി. പ്രവീൺ, ജൂനിയർ സൂപ്രണ്ട് എന്നിവരെ ഉൾപ്പെടുത്തി ഇന്റേണൽ വിജിലൻസ് സെൽ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജ. പി.എസ്**

**അണ്ടർ സെക്രട്ടറി**

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന).
3. അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. വിജിലൻസ് വകുപ്പ്.
5. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ



No. STDD/1522/2024-E1 (Computer No. 51832)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പട്ടികവർഗ്ഗ വികസന വകുപ്പ് - ഇന്റേണൽ വിജിലൻസ് സെൽ പുനഃസംഘടിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.862/2025/SCSTD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:-
1. 11.06.1997-ലെ സർക്കാർ ഉത്തരവ് (പി)നം. 34/1997/വിജി.
2. 20.04.2019ലെ സർക്കാർ ഉത്തരവ് (സാധാ)നം.318/2019/പജപവവിവ.
3. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 21.04.2025, 17.09.2025 തീയതികളിലെ ഇ -1/1522/2024 നമ്പർ കത്തുകൾ.
4. 15.10.2025-ലെ സർക്കാർ ഉത്തരവ് (സാധാ)നം.177/2025/വിജി.

ഉത്തരവ്

പരാമർശം (1) പ്രകാരം സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഒരു ഇന്റേണൽ വിജിലൻസ് സംവിധാനം രൂപീകരിക്കുവാൻ നിർദ്ദേശിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം വിജിലൻസ് ഓഫീസറായി നിയമിക്കപ്പെട്ട ശ്രീ.ആർ.പ്രസന്നൻ 31.03.2020-ൽ വിരമിച്ചതിനാലും, വിജിലൻസ് സെൽ അംഗങ്ങളായി നിയമിക്കപ്പെട്ട ശ്രീ.ജി.അനിൽകുമാർ നിലവിൽ ഇടുക്കി ITD പ്രോജക്ട് ഓഫീസറായും, ശ്രീ.റ്റി.പ്രവീൺ പുനലൂർ TDO-ൽ ജൂനിയർ സൂപ്രണ്ടായും സേവനമനുഷ്ഠിക്കുന്നതുമായ സാഹചര്യത്തിൽ, പട്ടികവർഗ്ഗ വികസനവകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് വിജിലൻസ് സെൽ രൂപീകരിച്ച് ഉത്തരവാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

പരാമർശം (4) പ്രകാരം പട്ടികവർഗ്ഗ വികസനവകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) ശ്രീ.ബിപിൻദാസ്.വൈ.യെ വകുപ്പിലെ വിജിലൻസ് ഓഫീസറായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസനവകുപ്പിൽ ഇന്റേണൽ വിജിലൻസ് സെൽ പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

| ക്രമ നം. | പേര് / തസ്തിക | പദവി |
|---|---|---|
| 1 | ശ്രീ. ബിപിൻദാസ്.വൈ<br>ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) | വിജിലൻസ് ഓഫീസർ |
| 2 | ശ്രീമതി വി.എൽ.ബീന<br>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | വിജിലൻസ് സെൽ അംഗം |
| 3 | ശ്രീ.ഷുമിൻ. എസ് ബാബു<br>ഡെപ്യൂട്ടി ഡയറക്ടർ (ടി.ആർ.ഡി.എം) | വിജിലൻസ് സെൽ അംഗം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന).
3. അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. വിജിലൻസ് വകുപ്പ് (C2/489/2018-VIG)
5. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rani K C
സെക്ഷൻ ഓഫീസർ
Date: 01-11-2025 16:30:28